ശ്രീ. ടി.കെ. ഹരിദാസൻ - ജോയിന്റ് ആർ.ടി.ഒ.

ശ്രീ. കെ.ടി. വിജയരാജൻ - എൽ.ഡി. ക്ലാർക്ക്

എന്നീ ജീവനക്കാർക്കെതിരെയാണ് വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

(ഡി) ശ്രീ. കെ.ടി. വിജയരാജൻ - എൽ.ഡി. ക്ലാർക്ക്

ശ്രീ. കെ.എ. മുഹമ്മദ് ബാവ - ജോയിന്റ് ആർ.ടി.ഒ.

ശ്രീ. ഇ. മുഹമ്മദ് - എൽ.ഡി. ക്ലാർക്ക്

ശ്രീ. എം. മനോഹരൻ - എ.എം.വി.ഐ.

ശ്രീ. യൂസഫ് സിദ്ദിക്ക് - എ.എം.വി.ഐ.

ശ്രീ. ടി.കെ. ഹരിദാസൻ - ജോയിന്റ് ആർ.ടി.ഒ.

ശ്രീ. ജി. ശശിധരൻ - എൽ.ഡി. ക്ലാർക്ക്

ശ്രീ. കെ.എസ്. മുഹമ്മദ് - പ്യൂൺ

എന്നീ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ടായിരുന്നു.

(ഇ) അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാറുണ്ട്.

(എഫ്) പ്രായോഗികമായ പല നിർദ്ദേശങ്ങളും നടപ്പിലാക്കി വരുന്നു.

70 (1802) ലേണേഴ്സ് ടെസ്റ്റ് അപേക്ഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ലേണേഴ്സ് ടെസ്റ്റിന് ഒരു ജില്ലയിലെ മുഴുവൻ അപേക്ഷകരും ഒരു സെന്ററിൽ ഹാജരാകണം എന്ന നിയമം നിലവിലുണ്ടോ; എങ്കിൽ എന്തിനാണ് അങ്ങനെ നിഷ്കർഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം അപേക്ഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഹാജരാകുന്ന മുഴുവൻ അപേക്ഷകർക്കും ടെസ്റ്റിനിരിക്കാൻ അനുവാദം നൽകാത്തത് എന്തുകൊണ്ടാണ്;

(ഡി) നിശ്ചിത എണ്ണം അപേക്ഷകർക്ക് മാത്രമേ ടെസ്റ്റ് നടത്താവൂ എന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെ പെരുമാറുന്ന ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) ലേണേഴ്സ് ടെസ്റ്റിന് നിയുക്തരായ എല്ലാ ജീവനക്കാരും ടെസ്റ്റ് സെന്ററുകളിൽ ഹാജരാകാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ടി.സി.യോ മറ്റ് ഉയർന്ന ജീവനക്കാരോ ഇത്തരം സെന്ററുകളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ എന്തുകൊണ്ടാണ് ടെസ്റ്റ് നടത്താത്തത്;

(എച്ച്) ടി.സി. ഓഫീസിൽ ടെസ്റ്റിനുള്ള ഫീസ് അടച്ചശേഷം സെന്ററുകളിൽ ഹാജരാകുന്നവരെ വീണ്ടും ക്യൂവിൽ നിർത്തി ബുദ്ധിമുട്ടിക്കുന്നത് ശരിയാണോ; ഇത്തരത്തിൽ പെരുമാറുന്ന ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലേണേഴ്സ് ലൈസൻസിനുള്ള ടെസ്റ്റ് അഴിമതി രഹിതമാക്കുവാനായി എഴുത്തു പരീക്ഷ നടത്തുവാൻ തീരുമാനിച്ചതനുസരിച്ച് പരീക്ഷ നടത്തുന്നതിനും അപ്പോൾ തന്നെ മൂല്യനിർണ്ണയം നടത്തുന്നതിനും ജയിക്കുന്നവർക്ക് അപ്പോൾ തന്നെ പഠന ലൈസൻസ് നൽകുന്നതിനും കൂടുതൽ ഉദ്യോഗസ്ഥൻമാരെ ആവശ്യമായി വന്നു. വാഹനങ്ങളുടെ വർദ്ധനവിന് ആനുപാതികമായി ഉദ്യോഗസ്ഥൻമാർ ഇല്ലാത്തതിനാൽ ഒരു ജില്ലയിലെ മുഴുവൻ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെയും വിളിച്ചുവരുത്തി മാത്രമേ ടെസ്റ്റ് നടത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ ടെസ്റ്റ് നടത്തുന്നതിന് ജില്ലാ ആസ്ഥാനം തെരഞ്ഞെടുക്കുകയും ആ സെന്ററിൽ വച്ച് ആ ജില്ലയിലെ അപേക്ഷകർക്ക് ടെസ്റ്റ് നടത്തുകയും ചെയ്യുന്നു.

(ബി) ഉണ്ട്. ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥൻമാരുടെ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു.

(സി) ഉദ്യോഗസ്ഥൻമാർ ടെസ്റ്റ് കഴിഞ്ഞ് പോകുന്നതിനുമുമ്പ് വരുന്ന എല്ലാ അപേക്ഷകരെയും ടെസ്റ്റിന് ഇരിക്കാൻ അനുവാദം നൽകുന്നുണ്ട്.

(ഡി) നിശ്ചിത എണ്ണം അപേക്ഷകർക്കു മാത്രമേ ലേണേഴ്സ് ടെസ്റ്റ് നടത്താവൂ എന്ന് ഇപ്പോൾ നിയമമില്ല. ഇതിനെതിരെ പെരുമാറുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) അഡീഷണൽ ട്രാൻസ്പോർട്ട് കമ്മിഷണർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (ടാക്സസ്), ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർ മുതലായവർ ടെസ്റ്റിംഗ് സെന്ററുകളിൽ മിന്നൽ പരിശോധന നടത്താറുണ്ട്.

(ജി) ടെസ്റ്റ് നടത്തുന്നതിന് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കുറവ് കാരണമാണ് വിവിധ കേന്ദ്രങ്ങളിൽ ടെസ്റ്റ് നടത്താൻ കഴിയാത്തത്.

(എച്ച്) ട്രാൻസ്പോർട്ട് കമ്മിഷണർ ആഫീസിൽ ടെസ്റ്റിനുള്ള ഫീസ് ഇപ്പോൾ സ്വീകരിക്കുന്നില്ല. ടെസ്റ്റിനുള്ള ഫീസുകൾ ടെസ്റ്റിംഗ് സെന്ററുകളിൽ തന്നെ സ്വീകരിക്കുന്നുണ്ട്. മറ്റ് ആഫീസുകളിൽ അടച്ചുകൊണ്ടുവരുന്ന അപേക്ഷകരുടെ അപേക്ഷകൾ രജിസ്റ്ററിൽ ചേർക്കുന്നതിനും അപേക്ഷകരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും ക്യൂ അനിവാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly